LIBRARY ARCHIVES Kerala Legislative Assembly

പുതിയ മുനിസിപ്പാലിറ്റികൾ

101 (1469) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പുതിയതായി എത്ര മുനിസിപ്പാലിറ്റികളാണ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ളത് എന്ന് ജില്ലാ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ;

(ബി) ഇവ ഓരോന്നിന്റെയും വിസ്തൃതിയും ജനസംഖ്യയും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ;

(സി) പഞ്ചായത്തുകളെ മുനിസിപ്പാലിറ്റി ആക്കുന്നത് കൊണ്ടുണ്ടാവുന്ന ഭൂണദോഷങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) മുനിസിപ്പാലിറ്റികൾക്ക് കേന്ദ്ര ഫണ്ടുകൾ ലഭ്യമാക്കുവാൻ എന്തെല്ലാം മാനദണ്ഡങ്ങളാണ് പാലിക്കുന്നത് ?

ഉത്തരം

(എ) പുതിയതായി 32 മുനിസിപ്പാലിറ്റികൾ രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)*

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) വിലയിരുത്തിയിട്ടില്ല.

(ഡി) നഗരകാര്യവകുപ്പുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ, അതാതു പദ്ധതികളിലൂടെ അംഗീകൃത മാർഗനിർദ്ദേശങ്ങൾക്കനുസരണമായാണ് നടപ്പിലാക്കുന്നത്.

നഗരസഭാ പദ്ധതികൾക്ക് സാങ്കേതികസഹായം

102 (1470) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) നഗരസഭാ പദ്ധതികൾക്ക് സാങ്കേതിക സഹായം നൽകുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്കായി ആരുടെയെല്ലാം സഹായമാണ് പ്രയോജനപ്പെടുത്തുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്കായി എത്ര രൂപ അനുവദിച്ചിട്ടുണ്ട്, വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) നഗരവികസന പദ്ധതികളുമായി ബന്ധപ്പെട്ട വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് നഗരസഭകൾക്ക് സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിനായി അർബൻ 2020 എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) നഗരവികസനവുമായി ബന്ധപ്പെട്ട സമസ്ത മേഖലകളുടെയും ദീർഘകാല വികസനം മുന്നിൽ കണ്ടുകൊണ്ടുള്ള വിശദവും യോഗ്യവുമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് നഗരസഭകൾക്ക് സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക എന്നതാണ് അർബൻ 2020 പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. സ്വന്തം നിലയിൽ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനാവശ്യമായ നൂതന സാങ്കേതിക പരിജ്ഞാനവും തനത് ഫണ്ടും ലഭ്യമല്ലാത്ത നഗരസഭകൾക്ക് ഉയർന്ന സാങ്കേതിക വൈദഗ്ധ്യമുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡി.പി.ആർ.കൾ) കാലേക്കൂട്ടി തയ്യാറാക്കുന്നതിനും പ്രസ്തുത ഡി.പി.ആർ.കൾ മുഖേന അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര സർക്കാരും മറ്റ് ഫണ്ടിംഗ് ഏജൻസികളും നൽകിവരുന്ന ഗ്രാന്റുകൾ നേടിയെടുക്കുന്നതിനും നഗരസഭകളെ സഹായിക്കുകയുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) നഗരസഭാ പദ്ധതികളുമായി ബന്ധപ്പെട്ട ഡി.പി.ആർ.കൾ തയ്യാറാക്കുന്നതിനുള്ള സാങ്കേതികസഹായം നൽകുന്നതിനായി വിവിധ മേഖലകളിൽ പ്രാവീണ്യമുള്ള 31 കൺസൾട്ടൻസി സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് എം-പാനൽ ചെയ്തിട്ടുണ്ട്. നഗരസഭകൾ രൂപംനൽകുന്ന പ്രോജക്ട് ആശയങ്ങൾ സ്റ്റേറ്റ് ലെവൽ ഡി.പി.ആർ. കമ്മിറ്റി അംഗീകരിക്കുന്നമുറയ്ക്ക് അവ വിശദമായ പ്രോജക്ട് റിപ്പോർട്ട് തലത്തിലേയ്ക്ക് പരിവർത്തിപ്പിക്കുന്നതിന് മേൽപ്പറഞ്ഞ കൺസൾട്ടൻസി സ്ഥാപനങ്ങളുടെ സഹായം നഗരസഭകൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അർബൻ 2020 പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ജെ.എൻ.എൻ.യു.ആർ.എം. പദ്ധതി ഫണ്ടിൽനിന്നും 5 കോടി രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുകയിൽനിന്നും നഗരസഭകൾക്കും ഡെവലപ്മെന്റ് അതോറിറ്റികൾക്കും പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് (പി.പി.പി.) പ്രോജക്ടുകൾ തയ്യാറാക്കി നൽകുന്നതിനായി രൂപീകരിച്ചിട്ടുള്ള പാർട്ട്ണർ കേരള മിഷന്റെ ട്രാൻസാക്ഷൻ അഡ്വൈസറായ കിറ്റ്കോയ്ക്ക് നൽകുന്നതിന് 2 കോടി രൂപ പാർട്ട്ണർ കേരള മിഷൻ ഡയറക്ടർക്ക് കൈമാറി നൽകിയിട്ടുണ്ട്.

മികച്ച നഗരസഭകൾക്കുള്ള അവാർഡുകൾ

103 (1471) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മികച്ച നഗരസഭകൾക്കുള്ള 2013-14-ലെ അവാർഡുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) അവാർഡ് പ്രഖ്യാപനം വൈകുന്നതിന്റെ കാരണം വിശദമാക്കാമോ ;

(സി) 2013-14-ലേയും 2014-15-ലേയും അവാർഡ് പ്രഖ്യാപനം ഉടനുണ്ടാകുന്നതിന് നടപടി സ്വീകരിക്കാമോ ;

(ഡി) മികച്ച നഗരസഭകൾക്ക് അവാർഡ് നൽകാൻ സ്വീകരിച്ചിരുന്ന മാനദണ്ഡം പരിഷ്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ ?

ഉത്തരം

(എ) പ്രഖ്യാപിച്ചിട്ടില്ല.

(ബി) മികച്ച നഗരസഭകളായി പ്രഖ്യാപിക്കപ്പെടുന്നതിന് നഗരസഭകൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൻമേൽ സൂക്ഷ്മ പരിശോധന കഴിഞ്ഞിട്ടില്ലാത്തതിനാലാണ് അവാർഡ് പ്രഖ്യാപനം വൈകുന്നത്.

(സി) നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly